


ദൈവത്തിൻ നാടെന്ന പേരന്വർത്ഥമാക്കിയ
കേരളനാടിൻ സഹനത്തിൻ കന്യേ!
കാക്കണെ ഞങ്ങളെ പാപിയാം ദാസരെ
നിൻസുകൃതം നിറയും മനസ്സിന്റെ വാടിയിൽ

കുടമാളൂരിൻ കെടാവിളക്കായി വന്നു നീ
ഭാരതമണ്ണിന്റെയാദ്യത്തെ വിശുദ്ധയായ്
കാരുണ്യനാഥന്റെ നിത്യമണവാട്ടിയായി
വാനിൽ വസിക്കുന്നു ദൂതരോടൊത്തുനീ.

പരിമളം പരത്തുംനിൻ പരിശുദ്ധ കബറിടം
പതിനായിരം വന്നു നിത്യേന നമിക്കട്ടെ
ഇതു മലയാള മണ്ണിന്റെ ലിസ്യുവായ് മാറിടും
പണ്ടു പാതിരി റോമുളൂസുരചെയ്ത പോലെ

ക്ലാരമഠത്തിൻ നറുമലർവാടിയിൽ നീ
ഒരു ചിത്രശലഭമായ് പാറിപ്പറന്നു വന്നുനീ
ഒരു മിന്നാമിനുങ്ങായ് മറഞ്ഞില്ലൊരിക്കലും
ഒരു ദിവ്യതാരമായ് നിത്യം മിന്നുന്നു വിണ്ണിൽ.